9. റവന്യൂ ഡിവിഷൻ ഓഫീസ് മാറ്റി സ്ഥാപിക്കൽ

11.55 AM]

ശ്രീ. ജോസ് തെറ്റയിൽ : സർ, ബഹുമാനപ്പെട്ട ചെയറിന് തൃപ്തിയുണ്ടാകാൻ സാധ്യതയില്ലാത്ത ഒരു കാര്യമാണ് എന്റെ സബ്മിഷൻ. കാരണം, ബഹുമാനപ്പെട്ട ചെയറിന്റെ മണ്ഡലത്തിലുള്ളതാണ് ഫോർട്ട് കൊച്ചി ആർ.ഡി. ഓഫീസ്. എറണാകുളം ജില്ലയിൽ ആകെക്കൂടി ഒരു ആർ.ഡി. ഓഫീസുണ്ടായിരുന്നപ്പോഴാണ് ഫോർട്ട് കൊച്ചിയിൽ ഈ ഓഫീസ് തുടങ്ങാൻ തീരുമാനിച്ചത്. അതിനുശേഷം മൂവാറ്റുപുഴയിൽവന്നു. ഞങ്ങളുടെ നാട്ടിൽനിന്ന് മണിക്കൂറോളം യാത്ര ചെയ്താൽ മാത്രമേ എറണാകുളത്ത് എത്താൻ സാധിക്കുകയുള്ളൂ. അവിടെനിന്നും വീണ്ടും ഫോർട്ട് കൊച്ചിയിലേയ്ക്ക് പോകണം. അങ്കമാലി നിയോജകമണ്ഡലത്തിലുള്ള ഒരു പൗരന് ആർ.ഡി. ഓഫീസിൽ എത്തിച്ചേരണമെങ്കിൽ വെളുപ്പിന് തിരിച്ചാലും ഉച്ചയ്ക്കുശേഷംപോലും എത്തുകയില്ല. അവിടെ ചെന്നുകഴിഞ്ഞാൽ ആർ.ഡി.ഒ. ഉണ്ടാകുകയുമില്ല. ഇങ്ങനെ നിരവധി പ്രശ്നങ്ങളുണ്ട്. ലക്ഷക്കണക്കിനാളുകളാണ് ഈ ആർ.ഡി. ഓഫീസിൽ വരുന്നത്. ഞങ്ങളൊക്കെ ജില്ലയുടെ വടക്ക്-കിഴക്കെ അറ്റത്താണ് താമസിക്കുന്നത്. ആർ.ഡി.ഒ. ഓഫീസ് ജില്ലയുടെ തെക്ക് പടിഞ്ഞാറാണ്. ഞങ്ങൾക്ക് അവിടെ യാത്രചെയ്ത് എത്താനോ യാത്രാസൗകര്യം ഉണ്ടായാൽപോലും എത്തിപ്പെടാൻ പറ്റാത്ത രീതിയിലുള്ള ഗതാഗതക്കുരുക്കുമാണ് അവിടെയുള്ളത്. ഇതൊരു ന്യായമായ ആവശ്യമാണ്. എറണാകുളം സിറ്റിയിൽ അല്ലെങ്കിൽ ജില്ലാ തലസ്ഥാനമായ കാക്കനാടോ ആർ.ഡി. ഓഫീസ് ഉണ്ടായാൽ ജനങ്ങൾക്ക് എത്തിപ്പെടാനുള്ള സൗകര്യമുണ്ടാകും. അതുകൊണ്ട് അക്കാര്യത്തിലൊരു പരിഗണന വേണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഇതിന് സാമ്പത്തികമായി യാതൊരു ചെലവും വരികയില്ല. ഓഫീസ് ഷിഫ്റ്റിംഗ് മാത്രമേയുള്ളൂ.

11.57 AM]

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ആർ.ഡി. ഓഫീസ് ഇപ്പോൾ നിലനിൽക്കുന്ന സ്ഥലത്തുനിന്ന് മാറ്റണമെന്നുള്ള ആവശ്യമാണ് ഉന്നയിച്ചിട്ടുള്ളത്. ആലുവ, കൊച്ചി, കണയന്നൂർ, പറവൂർ തുടങ്ങിയ താലൂക്കുകൾ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷൻ ഓഫീസറുടെ അധികാര പരിധിയിൽ വരുന്നതാണ്. എന്നാൽ ടി റവന്യൂ ഡിവിഷൻ ഓഫീസ് സ്ഥിതി ചെയ്യുന്നത് എറണാകുളം ജില്ലയുടെ അതിർത്തിയായ ഫോർട്ട് കൊച്ചിയിലാണ്. എറണാകുളം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയുടെ വടക്കേയറ്റത്തെ നിയോജകമണ്ഡലമായ ആലുവ, അങ്കമാലി തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷൻ ഓഫീസിൽ എത്തിച്ചേരുന്നതിന് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിശോധന നടത്തിയതാണ്. ഇത് പരിഹരിക്കാൻ ചില നിർദ്ദേശങ്ങളും നിലവിൽ വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകളാവശ്യമാണ്. അങ്ങേയ്ക്കതന്നെ അറിയാവുന്ന കാര്യമാണ്. അങ്ങ്കാര്യങ്ങൾ ഉൾക്കൊണ്ടു കൊണ്ടുതന്നെയാണ് ഈ വിഷയം അവതരിപ്പിച്ചിട്ടുള്ളത്. കൂട്ടായ ഒരു ചർച്ച നടത്തിയതിനുശേഷം ഇക്കാര്യത്തിൽ തീരുമാനങ്ങൾ എങ്ങനെയാകണമെന്നതിനെ കുറിച്ച് പിന്നീട് ആലോചിക്കാവുന്നതാണ്.

<u>മി. പ്രോട്ടെം സ്പീക്കർ</u> : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഫോർട്ട് കൊച്ചി എന്നു പറയുന്നത് ചരിത്രത്തിന്റെ ഭാഗമാണ്. ഐക്യ കേരളത്തിനുമുമ്പുള്ള സബ്ഡിവിഷനാണ്. അതുംകൂടി അങ്ങയുടെ മനസ്സിലുണ്ടാകണം.

10. താലൂക്കാഫീസിന് പുതിയ കെട്ടിടം

11.58 AM]

<u>ശ്രീ. ബി. ഡി. ദേവസ്സി</u> : സർ, ചാലക്കുടിയിൽ പുതിയതായി അനുവദിച്ച താലൂക്കാഫീസ് പരിമിതമായ സൗകര്യങ്ങളോടുകൂടിയാണ് പ്രവർത്തിക്കുന്നത്. മുനിസിപ്പാലിറ്റിവക ഷോപ്പിംഗ് കോംപ്ലക്സിൽ ഏറ്റവും ഉയർന്നനിലയിൽ വിവിധ ആവശ്യങ്ങൾക്കുവേണ്ടി എത്തിച്ചേരുന്ന രോഗികളും പ്രായമായവരും വളരെ കഷ്ടപ്പെടുകയാണ്. ചാലക്കുടി മുനിസിപ്പാലിറ്റിക്ക് വ്യവസായ വകുപ്പ് കൈമാറിയ റിഫ്രാക്ടറീസ് വക സ്ഥലം ചാലക്കുടിയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുകയാണ്. ഈ സ്ഥലത്ത് താലൂക്കാഫീസിന് കെട്ടിടം പണിയുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിനാൽ പ്രസ്തുത സ്ഥലത്ത് താലൂക്കാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം താലൂക്കുതലത്തിൽ പ്രവർത്തിക്കേണ്ട താലൂക്ക് സപ്ലൈ ഓഫീസ്, ഡി.ഇ. ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഓഫീസ് തുടങ്ങിയ അനുബന്ധ ഓഫീസുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly